## ചോദ്യോത്തരം
**മുജീബ്**

# ജീർണതകളുടെ പേരിൽ അഭിമാനം!

■ *'മതനവീകരണം വിചാരണ ചെയ്യപ്പെടുന്നു' എന്ന പേരിൽ എസ്.വൈ.എസ്, എസ്.എസ്.എഫ് നടത്തിയ കാമ്പയിന്റെ ഭാഗമായി അവർ ഇറക്കിയ നോട്ടീസിൽനിന്ന്:*

*"…..അയിത്താചരണത്തിനെതിരെ പൊതുവഴിയിൽ സഞ്ചരിക്കാനും മാറുമറക്കാനുമുള്ള അവകാശത്തിനും വേണ്ടി, എല്ലാ വിഭാഗം ഹിന്ദുക്കൾക്കും ക്ഷേത്രപ്രവേശനം സാധ്യമാക്കാൻ വേണ്ടി ഹിന്ദുക്കൾക്കിടയിൽ പ്രവർത്തിച്ചിരുന്ന മത നവോത്ഥാന പ്രസ്ഥാനങ്ങൾ പത്തിരുപത് വർഷങ്ങൾക്കകം ഫലം കണ്ടു. ജാതീയതയും അയിത്തവും ഏതാണ്ട് തുടച്ചുനീക്കപ്പെട്ടു. അധഃസ്ഥിത വിഭാഗത്തിന് മാറു മറക്കാനും വഴിനടക്കാനുമുള്ള അവകാശം വകവെച്ചുകിട്ടി. അമ്പലങ്ങളിലും ക്ഷേത്രങ്ങളിലും ഏത് ജാതിയിൽപെട്ട ഹിന്ദുക്കൾക്കും പ്രവേശനം ലഭിച്ചു.*

*ഈ നവോത്ഥാനത്തോട് സമാന്തരമായെന്നോണം മുസ്‌ലിം സമുദായത്തിൽ വഹാബികളും മൗദൂദികളും ആരംഭിച്ച മതനവീകരണ ആശയങ്ങൾക്ക് എന്തു സംഭവിച്ചു? ഇതും പരിശോധിക്കപ്പെടേണ്ടതാണ്. മരിച്ചുപോയ മഹാത്മാക്കളെ മുൻനിർത്തിയും അവരുടെ ഹഖ്-ജാഹ്-ബർകത്ത് കൊണ്ട് ഇടതേടിയും നടത്തിയിരുന്ന തവസ്സുൽ-ഇസ്തിഗാസ ഇല്ലാതായോ? ഇടതേട്ടം ചേരാത്ത ഒരൊറ്റ പ്രാർഥന ഇപ്പോൾ നടക്കുന്നതായി തെളിയിക്കാമോ? സുന്നത്തായ ഖബ്ർ സിയാറത്തിനെ 'ഖബ്ർ പൂജ'യാക്കി ഇല്ലാതാക്കാൻ നോക്കിയിട്ടെന്തായി? സിയാറത്തും നേർച്ചകളും ഉറൂസുകളും കൂടുതൽ ജനപങ്കാളിത്തമുള്ളതും ഇസ്‌ലാമികവുമായി. ഇത്തരം വിഷയങ്ങളിൽ ജനങ്ങൾക്ക് ബോധവത്കരണം ലഭിച്ചു. ഇസ്‌ലാമികമായി നടക്കുന്ന ഏതു ഉറൂസും നേർച്ചയുമാണ് ഇല്ലാതായത്? ഹിജാസിൽ മഖ്ബറകൾ പൊളിച്ചുനീക്കിയത് അധികാരത്തിന്റെയും തെമ്മാടിത്തത്തിന്റെയും വിജയമായിരുന്നുവെന്ന് ഇപ്പോൾ തെളിയുകയാണ്.*

*ജൂത-ക്രൈസ്തവ സംസ്കാരത്തിൽനിന്ന് കടമെടുത്ത സ്ത്രീ ജുമുഅ ജമാഅത്ത് എന്ന വാദവും പൊളിഞ്ഞില്ലേ? മുക്കാൽ നൂറ്റാണ്ട് ഖുർആനും സുന്നത്തും ഓതിയിട്ട് ഈ ആശയം ഇസ്‌ലാമികമാണെന്നും മുസ്‌ലിം സമുദായത്തെ ബോധ്യപ്പെടുത്താൻ വഹാബിസത്തിനോ മൗദൂദിസത്തിനോ കഴിഞ്ഞില്ല. നവോത്ഥാനക്കാരിപ്പോൾ മതം ബോധ്യപ്പെടുത്തുന്നത് കോടതികളെയാണ്. സമുദായത്തിനും ബോധ്യമാകാത്തത് കോടതിയെ ബോധ്യപ്പെടുത്തി അധികാരത്തിന്റെ മറവിൽ മതം നടപ്പാക്കാനുള്ള സൂത്രവും പൊളിയുകയാണ്. ഉളിയിലും കരുവന്നൂരിലും ചെന്ന് ചോദിക്കണം. ലോകത്തെ ഒരു കോടതി വിചാരിച്ചാൽ പോലും ഒറ്റ സുന്നി പള്ളിയിലും പെണ്ണിനെ കയറ്റാനാവില്ലെന്ന് തിരിച്ചറിഞ്ഞു തുടങ്ങിയിട്ടുണ്ട്."*

*മുജീബിന്റെ പ്രതികരണം?*

***ശമീം തൃത്താല***

**വി**ശ്വാസപരമായ ജീർണതകളും അനാചാരങ്ങളും ദുരാചാരങ്ങളും ഏതു സമൂഹത്തെയും കാലാന്തരത്തിൽ പിടികൂടാവുന്ന മാരകരോഗങ്ങളാണ്. ഇത്തരം രോഗങ്ങളെ ചികിത്സിക്കാനാണ് തൗഹീദിൽനിന്ന് വ്യതിചലിച്ചപ്പോൾ ചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളിൽ എല്ലാ മനുഷ്യസമൂഹങ്ങളിലും അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചതെന്ന് ഖുർആൻ വ്യക്തമാക്കുന്നു. ഖുർആൻ പരിചയപ്പെടുത്തുന്ന ഒരൊറ്റ ജനസമൂഹവും നിരീശ്വരവാദികളോ പൂർണ മതനിഷേധികളോ ആയിരുന്നില്ലെന്നത് ശ്രദ്ധേയമാണ്. സർവജ്ഞനും സർവശക്തനുമായ പരമേശ്വരനിൽ വിശ്വസിച്ചതോടൊപ്പംതന്നെ ആ ശക്തിയിലേക്ക് തങ്ങളെ അടുപ്പിക്കാനും അവന്റെ സവിധത്തിൽ തങ്ങൾക്കായി ശിപാർശ പറയാനുമായി ബഹുദൈവാരാധകർ പുണ്യാത്മാക്കളുടെയും സിദ്ധന്മാരുടെയും സാങ്കൽപിക പ്രതിരൂപങ്ങളെ പ്രതിഷ്ഠിക്കുകയും അവയോട് സഹായമർഥിക്കുകയും ചെയ്തതാണ് ഖുർആൻ ചൂണ്ടിക്കാട്ടിയ മഹാ അക്രമവും പരമാബദ്ധവും. അന്തിമവും സമഗ്രവും ശാശ്വതവുമായ വിശുദ്ധ ഖുർആനുമായി മുഹമ്മദ് നബി(സ) നിയുക്തനായതോടെ ശിർക്കിന്റെ അടിത്തറ തകർക്കപ്പെടുകയും ലോകത്തിലെ വലിയൊരു ഭാഗത്ത് തൗഹീദ് സ്ഥാപിതമാവുകയും ചെയ്തു. അല്ലാഹു അല്ലാത്തവരെ വിളിച്ചു പ്രാർഥിക്കുകയും അവരോട് സഹായം തേടുകയും അന്ധവിശ്വാസങ്ങളിൽ തളക്കപ്പെടുകയും ചെയ്തിരുന്ന ജനലക്ഷങ്ങളെ ലോകാനുഗ്രഹിയായ തിരുദൂതർ(സ) മോചിപ്പിച്ച് അവരെ തൗഹീദിന്റെ പ്രബോധകരും പ്രചാരകരുമാക്കി മാറ്റി. ഖുർആന്റെ നിത്യസാന്നിധ്യവും സുന്നത്തിന്റെ പിൻബലവും നിഷ്കളങ്കമായ തൗഹീദിന്റെ അനുസ്യൂതതക്ക് ഗ്യാരണ്ടിയുമായി. എങ്കിലും നൂറ്റാണ്ടുകളുടെ പ്രയാണത്തിൽ ബഹുദൈവവിശ്വാസികളിൽനിന്ന് ഇസ്‌ലാമിലേക്ക് വന്നവരുടെ മുൻ പശ്ചാത്തലവും വിശ്വാസപരമായി വ്യതിചലിച്ചവരോടുള്ള അവരുടെ നിരന്തര സഹവാസവും ഭൗതിക താൽപര്യങ്ങൾക്കായി ദീനിനെ വിൽക്കുന്ന പൗരോഹിത്യത്തിന്റെ രംഗപ്രവേശവും കാരണമായി മുസ്‌ലിം സമൂഹത്തെയും ജീർണതകൾ പിടികൂടി എന്നത് വാസ്തവമാണ്. അതോടൊപ്പം അത്തരം ജീർണതകളോട് പൊരുതി തൗഹീദിന്റെ തനിരൂപം അവതരിപ്പിക്കാൻ പ്രതിജ്ഞാബദ്ധരായ പരിഷ്കർത്താക്കളും പണ്ഡിതന്മാരും രംഗത്തു വന്നതും ചരിത്ര വസ്തുതയാണ്. ഇതൊക്കെയും നബി(സ) തന്നെ പ്രവചിച്ച സംഗതികളുമാണ്.

കേരളത്തിൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ നിലവിലിരുന്ന മുസ്‌ലിം ജനസാമാന്യത്തിന്റെ യഥാർഥ ചിത്രം വ്യക്തമാവാൻ സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ എന്ന യാഥാസ്ഥിതിക പൗരോഹിത്യ കൂട്ടായ്മയുടെ ഫറോക്ക് എട്ടാം പ്രമേയം എന്ന പേരിൽ കുപ്രസിദ്ധമായ രേഖയിലൂടെ കണ്ണോടിച്ചാൽ മതി. 1933 മാർച്ച് 5-ന് ഫറോക്കിൽ ശിഹാബുദ്ദീൻ അഹ്മദ് കോയ മൗലവി(ചാലിയം)യുടെ അധ്യക്ഷതയിൽ ചേർന്ന സമസ്തയുടെ യോഗം പാസ്സാക്കിയ പ്രമേയം ഇങ്ങനെ:

*കേരളത്തിലെ മുസ്‌ലിംകളിൽ അനേക കൊല്ലമായിട്ട് നിരാക്ഷേപമായി നടന്നുവന്നതും ഇപ്പോഴും നടത്തിവരുന്നതും ആയ താഴെ വിവരിക്കുന്ന കാര്യങ്ങൾ അഹ്‌ലുസ്സുന്നത്തി വൽജമാഅത്തിന്റെ ഉലമാക്കളാൽ മതാനുസരണങ്ങളാണെന്നു സ്ഥിരപ്പെടുത്തപ്പെട്ടവയാണെന്നും ഇവ മതവിരുദ്ധങ്ങളാണെന്നോ അഥവാ ശിർക്കാണെന്നോ പറയുന്നവർ സുന്നികൾ അല്ലെന്നും അവർ ഇമാമത്തിനും ഖത്വീബ് സ്ഥാനത്തിനും ഖാസി സ്ഥാനത്തിനും കൊള്ളരുതാത്തവരാണെന്നും ഈ യോഗം തീരുമാനിക്കുന്നു.*

*സംഗതികൾ:*

*1. മരിച്ചുപോയ അമ്പിയാ, ഔലിയാ, സ്വാലിഹീൻ ഇവ*

*രുടെ ദാത്ത് കൊണ്ടും ജാഹ്, ഹഖ്, ബറകത്ത് ഇത്യാദി കൊണ്ടും തവസ്സുൽ (ഇടതേട്ടം) ചെയ്യലും അവരെ നേരിട്ട് വിളിക്കലും അവരെ വിളിച്ച് സഹായത്തിന് അപേക്ഷിക്കലും അവരുടെ 'ആസാറുകളെ'ക്കൊണ്ട് ബറകത്ത് മതിക്കലും.*

*2. മരിച്ചുപോയ അമ്പിയാ, ഔലിയാ ഇവർക്കും മറ്റു മുസ്‌ലിമീങ്ങൾക്കും കൂലി കിട്ടുവാൻ വേണ്ടി ധർമം ചെയ്യലും കോഴി, ആട് മുതലായവ ധർമം ചെയ്‌വാൻ നേർച്ച ചെയ്യലും, അവർക്കു വേണ്ടി ഖുർആൻ ഓതലും ഓതിക്കലും മുസ്‌ലിം മയ്യിത്തുകളെ മറവു ചെയ്തതിനു ശേഷം ഖബ്‌റിങ്കൽ വെച്ച് തൽഖീൻ ചൊല്ലിക്കൊടുക്കലും മയ്യിത്തിനു വേണ്ടി ഖബ്‌റിങ്കൽ വെച്ചും മറ്റു സ്ഥലത്തു വെച്ചും ഖുർആൻ ഓതലും ഓതിക്കലും.*

*3. ഖബ്ർ സിയാറത്ത് ചെയ്യലും ഖബ്‌റാളികൾക്ക് സലാം പറയലും അവർക്കു വേണ്ടി ദുആ ഇരക്കലും ഖബ്ർ സിയാറത്തിന് യാത്രപോവലും.*

*4. ആയാത്ത്, ഹദീസ്, മറ്റു മുഅസ്സമായ അസ്മാഉ ഇവ കൊണ്ട് മന്ത്രം ചെയ്യലും ഉറുക്ക് എഴുതിക്കെട്ടലും പിഞ്ഞാണം എഴുതിക്കൊടുക്കലും വെള്ളം, നൂല് മുതലായവ മന്ത്രിച്ചു കൊടുക്കലും ബുർദ ഓതി മന്ത്രിക്കലും.*

*5. ഖാദിരിയ്യ, ശാദുലിയ്യ, രിഫാഇയ്യ മുതലായ ശരിയായ ത്വരീഖത്തുകളിലെ ശൈഖന്മാരുടെ കൈതുടർച്ചയും, ഒറ്റക്കും യോഗം ചേർന്നും നടപ്പുള്ള റാത്തീബും ത്വരീഖത്തിലെ ദിക്റുകളും ചൊല്ലലും ദലാഇലുൽ ഖൈറാത്ത്, ഹിസ്ബുന്നവാവി, അസ്മാഉന്നബി, അസ്മാഉൽ ബദ്‌രിയ്യീൻ, ഹിസ്ബുൽ ബഹർ മുതലായ വിർദുകളെ ചട്ടമാക്കലും, ദിക്റുകൾ കണക്കാക്കാൻ തസ്ബീഹ് മാല ഉപയോഗിക്കലും.*

*6. മൻഖൂസ് മുതലായ മൗലിദുകൾ, ബദ്‌രിയ്യത്ത് ബൈത്ത്, ബദ്ർ മാല, മുഹ്‌യിദ്ദീൻ മാല, രിഫാഈ മാല മുതലായ നേർച്ചപ്പാട്ടുകൾ ചൊല്ലുകയും ചൊല്ലിക്കുകയും ചെയ്യുക.*

*അവതാരകൻ: ശിഹാബുദ്ദീൻ അഹ്മദ് കോയ മൗലവി*

*അനുവാദകൻ: പി. കമ്മു മൗലവി (പരപ്പനങ്ങാടി മുദർരിസ്)*

*സർവസമ്മതമായി പാസ്സാക്കി (പ്രൊസീഡിംഗ്സ് പേജ് 30,31,32– റഫറൻസ്: സമസ്ത 70–ാം വാർഷിക സ്മരണിക 1996).*

ഇനി മുസ്‌ലിം ഭൂരിപക്ഷത്തിന്റെ പിന്തുണ അവകാശപ്പെടുന്ന സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ അംഗീകരിച്ച ഈ അന്ധവിശ്വാസ–അനാചാര പ്രമാണപത്രികയുടെ മുക്കാൽ നൂറ്റാണ്ട് പിന്നിട്ട ശേഷമുള്ള സ്ഥിതി അവലോകനം ചെയ്തുനോക്കുക. അമ്പിയാ ഔലിയാക്കളുടെ 'ദാത്ത്' കൊണ്ടുള്ള ഇടതേട്ടം എസ്.വൈ.എസ്സിന്റെ നോട്ടീസിൽനിന്നു പോലും അപ്രത്യക്ഷമായത് എന്തുകൊണ്ട്? മരണപ്പെട്ടവർക്കുവേണ്ടി ആട്, കോഴി ഉരുപ്പടികൾ നേർച്ചയാക്കുന്ന എത്ര വീടുകളുണ്ടാവും? ഉറുക്ക് കെട്ടുന്നവരുടെയും പിഞ്ഞാണം എഴുതിക്കുടിക്കുന്നവരുടെയും എണ്ണം കൂടിയോ കുറഞ്ഞോ? ബുർദ ഓതി മന്ത്രിക്കുന്നവരും മന്ത്രിപ്പിക്കുന്നവരും ഇന്നെവിടെ? സിവിൽ–ക്രിമിനൽ റാത്തീബുകൾ നടക്കുന്ന എത്ര മഹല്ലുകളും പള്ളികളും ഉണ്ട്? ബദ്ർ, മുഹ്‌യിദ്ദീൻ മാലാദികളും ബദ്‌രിയ്യത്തും മൻഖൂസ് മൗലിദും അറിയുന്നവർ പോകട്ടെ കേൾക്കുകയെങ്കിലും ചെയ്തവർ പുതിയ തലമുറയിൽ എത്ര പേരുണ്ടാവും? ഖബ്ർ സിയാറത്തിനെ ഈ പട്ടികയിൽ പെടുത്തിയത് ശുദ്ധ തട്ടിപ്പാണ്. സിയാറത്ത് സുന്നത്തല്ലെന്ന് വാദിക്കുന്ന ഒരു മുസ്‌ലിം വിഭാഗവും ഇല്ല. ഇതോട് ചേർത്തു പറയേണ്ട ചിലതു കൂടി ഉണ്ട്: ഖുർആൻ മൊഴിമാറ്റം ഹറാമാക്കിയ സമസ്ത ഇന്നെവിടെ നിൽക്കുന്നു? ഉച്ചഭാഷിണി ആരാധനക്ക് പാടില്ലെന്ന് വിധിച്ചവർ ഹറാമിന്റെ കാലാവധി തീർന്നപ്പോൾ പള്ളികളും പള്ളിക്കൂടങ്ങളും തെരുവുകളുമാകെ ശബ്ദമലിനീകരണം കൊണ്ട് പൊറുതിമുട്ടിക്കുകയല്ലേ?

അപ്പോൾ മാറ്റങ്ങൾ ഒരുപാട് സംഭവിച്ചിട്ടുണ്ട്. ഇനിയും സംഭവിക്കാനും പോവുന്നു. പരിഷ്കരണപ്രസ്ഥാനങ്ങളുടെ നിരന്തരശ്രമങ്ങൾ കൊണ്ടാണ് പരിവർത്തനം സംഭവിച്ചതും. എന്നാലും, വിവരദോഷികളോ ശുദ്ധഗതിക്കാരോ ആയ ഗൾഫ് പണക്കാരുടെ താങ്ങും മതേതര രാഷ്ട്രീയക്കാരുടെ വോട്ട്ബാങ്ക് ഫോർമുലയും കാരണമായി ജീർണതകൾ പുനർജനിക്കാൻ നോക്കുന്നുണ്ടെന്നത് ശരിയാണ്; അന്ധവിശ്വാസങ്ങളുടെ വ്യാപാരവത്കരണം ആളെക്കൂട്ടാൻ സഹായിക്കുന്നുണ്ടെന്നതും നേര്. അതോടൊപ്പം ഫറോക്ക് എട്ടാം പ്രമേയത്തിൽ പറഞ്ഞ ത്വരീഖത്തുകളുടെ പേരിൽ മുളച്ചുപൊങ്ങുന്ന ആലുവ, ആലുംതറ, ദസൂഖികളാദി അവതാരങ്ങൾ സമസ്തയുടെ ഇരു വിഭാഗങ്ങൾക്കും വൻ തലവേദന സൃഷ്ടിക്കുന്നതും മറച്ചുവെച്ചിട്ട് കാര്യമില്ല. തന്നെയല്ല, സമസ്ത തന്നെയും കാരന്തൂരി, ചേളാരി, സംസ്ഥാന ഗ്രൂപ്പുകളായി തമ്മിലടിക്കുന്ന സ്ഥിതിയും വിചാരണ ചെയ്യപ്പെടാതെ പോവരുത്. മറുവശത്ത് സ്ത്രീകൾ ജുമുഅ ജമാഅത്തുകളിൽ പങ്കെടുക്കുന്ന ആയിരക്കണക്കിന് പള്ളികൾ ഇന്ന് കേരളത്തിലുണ്ട്. ഖുർആൻ പഠനകേന്ദ്രങ്ങളിൽ പതിനായിരക്കണക്കിൽ വനിതകളാണ് പഠിതാക്കളായെത്തുന്നത്. ആര്യനെഴുത്ത് ഹറാമാക്കപ്പെട്ട പെൺകുട്ടികളുടെ പിൻതലമുറ കോടതികളിൽ പുരോഹിതന്മാരെ വെള്ളം കുടിപ്പിക്കുന്നത് കാലത്തിന്റെ ചുമരെഴുത്താണ്. സാക്ഷാൽ 'സുന്നത്ത് ജമാഅത്തി'ന്റെ പള്ളികളോടനുബന്ധിച്ച് 'വനിതാ നിസ്കാര ഹാളുകൾ' ഉയരുന്നതും ചൂണ്ടുപലകതന്നെ. പഞ്ചായത്തുകളിലെ സ്ത്രീപ്രാതിനിധ്യത്തിനെതിരായ ഫത്‌വാ കോലാഹലങ്ങൾ കെട്ടടങ്ങിയപോലെ ബാക്കി അപസ്വരങ്ങളും ശൂന്യതയിൽ വിലയം പ്രാപിക്കുന്നത് സമയത്തിന്റെ മാത്രം പ്രശ്നമാണ്. മനുഷ്യരുടെ സ്വാസ്ഥ്യം അപഹരിക്കുന്ന 'കുറ്റവിചാരണ'കളല്ല, പ്രബുദ്ധ സമൂഹം പ്രായോഗിക ജീവിതത്തിലൂടെ കാഴ്ചവെക്കുന്ന പൗരോഹിത്യനിരാസമാണ് യഥാർഥ നവോത്ഥാനം. അതിന്റെ കാഹളധ്വനി ഉറക്കം കെടുത്തുന്നതുകൊണ്ടാണല്ലോ വിചാരണയുടെ തെരുവുനാടകങ്ങൾ അരങ്ങേറുന്നത്.

## തീവ്രവാദം: അണികളും നേതൃത്വവും

■ *"കേരളത്തിലെ മുസ്‌ലിം മത സംഘടനകൾക്ക് തീവ്രവാദം വളർന്നതിൽ പരോക്ഷമായെങ്കിലും പങ്കുണ്ട്. മതമെന്നാൽ സംഘടനാ സങ്കുചിതത്വമാണെന്ന പഴയ തോന്നൽ ഇന്ന് വളർന്ന് എല്ലാ സംഘടനകളിലും ഗ്രൂപ്പ് സങ്കുചിതത്വമായിത്തീർന്നിട്ടുണ്ട്. ഇതിന്റെ ഒരു ഫലമാണ് തീവ്രവാദം. സത്യത്തിൽ ജമാഅത്തെ ഇസ്‌ലാമി സ്പോൺസർ ചെയ്തതാണ് തീവ്രവാദം. എന്നാൽ ജമാഅത്ത് അതിന്റെ അണികളെ തീവ്രവാദത്തിന് നൽകിയിട്ടില്ല. അവർ നേതാക്കളെ മാത്രം നൽകി. അണികൾ മുഴുക്കെ കേരളത്തിലെ മറ്റു ചില മതസംഘടനകളുടെ അനുയായികളാണ്. ഈ യാഥാർഥ്യത്തിനു നേരെ കണ്ണടച്ചിട്ട് കാര്യമില്ല" (എം.ഐ തങ്ങൾ, ശബാബ് വാരിക 2007 ഏപ്രിൽ 6, പേജ് 4).*

*സുന്നികളിൽനിന്ന് ചില ബാഖവിമാരും ഫൈസിമാരും ദാരിമിമാരും തീവ്രവാദ സംഘടനയുടെ തലപ്പത്തെത്തിയിട്ടുണ്ട്. മുജാഹിദുകളിൽ ചിലരും (വയനാട്ടിൽനിന്നുള്ള വാഗ്മി ഉൾപ്പെടെ) അതിലേക്ക് ചേക്കേറി നേതൃത്വത്തിലേക്ക് ഉയർന്നതും അറിയാം. എന്നാൽ ഇവിടെ ആരോപിക്കപ്പെട്ടതുപോലെ ജമാഅത്ത് നേതാക്കൾ ആ സംഘത്തിലേക്ക് കൂടുമാറി നേതൃതലത്തിൽ എത്തിയിട്ടുണ്ടോ?*

***പി.എം. മുഹമ്മദ് അശ്ഫാഖ്, വടകര***

**എ**ന്താണ് തീവ്രവാദം? ഖുർആനും സുന്നത്തും അവതരിപ്പിക്കുന്ന ഇസ്‌ലാമികാദർശങ്ങളെ ഏത് പരിതഃസ്ഥിതിയിലും മുറുകെപ്പിടിക്കുന്നതും മുസ്‌ലിം ഉമ്മത്തിന്റെ നിയോഗലക്ഷ്യമായി ഖുർആൻ വ്യക്തമാക്കിയതിനുവേണ്ടി സമാധാനപരമായി

പ്രവർത്തിക്കുന്നതുമാണ് തീവ്രവാദമെങ്കിൽ അതിന്റെ സ്പോൺസർഷിപ്പ് പൂർണമായി ഏറ്റെടുക്കാൻ ജമാഅത്തെ ഇസ്‌ലാമിക്ക് സന്തോഷമേയുള്ളൂ. അതല്ല, ഭൂരിപക്ഷ സമുദായത്തിലെ വർഗീയ ഫാഷിസ്റ്റുകൾക്കെതിരെ സായുധ പ്രതിരോധം പ്രഖ്യാപിച്ച് വർഗീയ ധ്രുവീകരണം സൃഷ്ടിക്കാനുള്ള ശ്രമങ്ങളാണ് വർത്തമാനകാല തീവ്രവാദമെങ്കിൽ ജമാഅത്ത് ഇന്നേവരെ അതിലേക്ക് ഒരു സംഭാവനയും നൽകിയിട്ടില്ല. രാജ്യം വർഗീയധ്രുവീകരണത്തിൽ കത്തിനിന്ന നാൽപതുകളിൽ ജമാഅത്ത് പിറവിയെടുത്ത കാലത്തുപോലും രണ്ട് സാമുദായികതകളെയും പാടേ നിരാകരിച്ചതാണ് പ്രസ്ഥാനത്തിന്റെ ചരിത്രം. മറിച്ച് എം.ഐ തങ്ങളുടെ പ്രസ്ഥാനമോ? ജമാഅത്തെ ഇസ്‌ലാമിയുടെ ഉത്തരവാദപ്പെട്ട പദവിയിലിരുന്ന ഒരാളും തീവ്രവാദ പ്രസ്ഥാനങ്ങളുടെ തലപ്പത്തില്ല. അനുയായികളുടെ സ്ഥിതി ലേഖകൻ തുറന്നുസമ്മതിച്ചുവല്ലോ.

## ജിന്നുകളുടെ ലോകത്തേക്ക്

■ *ജിന്നിനും പിശാചിനും മനുഷ്യനെ സഹായിക്കാനും ഉപദ്രവിക്കാനും സാധിക്കുമെന്നും മനുഷ്യശരീരത്തിൽ പിശാചുബാധയേൽക്കുമ്പോൾ പ്ലേഗ്, അപസ്മാരം പോലുള്ള മാരകരോഗങ്ങൾ ഉണ്ടാകുമെന്നും പ്രതിവിധിയായി ഇതിനെല്ലാം മന്ത്രവാദ ചികിത്സ നടത്താമെന്നും ചില മുജാഹിദുകൾ പറയുന്നു.* മുജീബിന്റെ പ്രതികരണം?

***റശീദ് വെളിയങ്കോട്, അബൂദബി***

**അ**ത്യന്തം സങ്കീർണമായ പ്രശ്നങ്ങളാൽ എരിപൊരി കൊള്ളുന്ന മനുഷ്യസമൂഹത്തിന്റെ മോചനത്തിനായി യാതൊന്നും ചെയ്യാനില്ലാത്തവരാണ് ജിന്നുപിശാചുക്കളുടെ ലോകത്ത് അഭിരമിക്കുക. അവരുടെ മന്ത്രങ്ങൾ അവരെ രക്ഷിക്കട്ടെ. ■